# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2481 — 09/07/2015 ൽ മറുപടിക്ക്

## ആർ.എം.എസ്.എ . പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് ആർ.എം.എസ്.എ . പദ്ധതി പ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ; | എ) ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ; | ബി) ആർ.എം.എസ്.എ പദ്ധതി പ്രകാരം 2011-12 മുതൽ 2014-15 വർഷം സ്കൂൾ ഗ്രാന്റ് ഇനത്തിൽ വിതരണം നടത്തിയ ടി തുക യുടെ വിശദവിവരം ചുവടെ ചേർക്കുന്നു. എല്ലാ ആർ.എം,എസ്.എ ഹൈസ്കൂളുകൾക്കും നൽ കിയിട്ടുണ്ട്. |

| വർഷം | സ്കൂൾ ഗ്രാന്റ് |
|---|---|
| 2011-12 | 50,000 |
| 2012-13 | - |
| 2013-14 | 50,000 |
| 2014-15 | 50,000 |

കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകൾ ഉൾപ്പെടുന്ന 60 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആർ.എം.എസ്.എ 40 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തന ചുമതല ജില്ലാപഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾക്ക് നൽകുകയും ചെയ്തി ട്ടുണ്ട്. ജില്ലാപഞ്ചായത്ത്/ മുനിസിപ്പാലിറ്റികളുടെ വിഹിതമായ സ്കൂൾ ഒന്നിന് 12 ലക്ഷം രൂപ ചേർത്ത് 7 ക്ലാസ്സ് മുറികളുള്ള കെട്ടിടനിർമ്മാണം പുരോഗമി ച്ചുവരുന്നു. മറ്റ് 52 സ്കൂളുകളുടെ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനുള്ള തുക

ആർ.എം.എസ്.എ എത്രയും വേഗം നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ആർ.എം.എസ്.എ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ ആനുപാതികമായി സ്ഥിരാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; | സി) | എല്ലാ സ്കൂളുകളിലും നിയമനം നടത്താൻ സാധിച്ചിട്ടില്ല. |
| ഡി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | ഡി) | എം.എച്ച്.ആർ.ഡി മാനദണ്ഡമനുസരിച്ച് ഹെഡ്മാസ്റ്റർ-1, വിഷയാ ദ്ധ്യാപകർ-3 (1-കണക്ക്, 1-സയൻസ്, 1-സോഷ്യൽ സയൻസ്), ഭാഷാദ്ധ്യാപകർ-2 (ഹിന്ദി-1, മലയാളം-1) എന്നിവർക്കു മാത്രമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിലധികമായി ആവശ്യമുള്ള അദ്ധ്യാപകരെ കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. |
| ഇ) | ആർ.എം.എസ്.എ സ്കൂളുകളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകൾ ഉണ്ട്; അവക്ക് അംഗീകാരം കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദീകരിക്കാമോ? | ഇ) | എം.എച്ച്.ആർ.ഡി യുടെ അംഗീകാരം ലഭിക്കാത്ത 30 സ്കൂളുകൾ ഉണ്ട്. ടി സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി മാനവ വിഭവ ശേഷി വകുപ്പുമായി കത്തിടപാടുകൾ നടന്നുവരുന്നു. എം.എച്ച്.ആർ.ഡി യുടെ വാർഷിക അവലോകന യോഗത്തിലും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ